# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5412 23.05.17 ൽ മറുപടിയ്ക്ക്**

**ഗതാഗത വകുപ്പിന്റെ ബോധവൽക്കരണ പദ്ധതി**

| | ചോദ്യം<br>ശ്രീ.പി.സി. ജോർജ് | | മറുപടി<br>ശ്രീ.തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | പൊതുവാഹനങ്ങളിൽ സഞ്ചരിക്കുന്ന സ്ത്രീകളും, കുട്ടികളും ഉൾപ്പടെയുള്ളവർ വിവിധ തരം ലൈംഗികചൂഷണങ്ങളിൽപെടുന്നതും, സ്ത്രീ യാത്രക്കാരോട് ഡ്രൈവർമാരും മറ്റ് ടാക്സി ജീവനക്കാരും മോശമായി പെരുമാറുന്നതും തടയുവാൻ സ്ത്രീയാത്രക്കാരോട് പെരുമാറേണ്ട രീതികൾ , വാഹനം ഓടിക്കുമ്പോൾ റോഡിൽ പാലിക്കേണ്ട നിയമങ്ങൾ, ഇൻഷ്വറൻസ് പരിരക്ഷ എന്നിവകളെക്കുറിച്ച് ബോധവൽക്കരണം നടത്താൻ ഗതാഗത വകുപ്പ് മുൻകൈ എടുത്ത് പദ്ധതി നടപ്പാക്കുമോ; വിവരിക്കുമോ; | (എ) | നിലവിൽ പുതുതായി ലൈസൻസിന് അപേക്ഷിക്കുന്ന വ്യക്തി വാഹനമോടിച്ച് കാണിയ്ക്കാനുള്ള പ്രായോഗിക പരീക്ഷയ്ക്കുമുൻപായി മോട്ടോർ വാഹന വകുപ്പ് നടത്തുന്ന പരിശീലന പരിപാടിയിൽ പങ്കെടുക്കേണ്ടതുണ്ട്. ഈ പരിശീലന പരിപാടിയിൽ സുരക്ഷിതമായ ഡ്രൈവിംഗ് സംസ്കാരത്തെക്കുറിച്ചും വാഹനത്തിൽ കയറുന്ന മറ്റ് യാത്രികരോടുള്ള മാന്യവും കുലീനവുമായ പെരുമാറ്റ രീതികളെക്കുറിച്ചും പഠിപ്പിയ്ക്കാറുണ്ട്. ഇതിന്റെ തുടർച്ചയെന്നോണം വിവിധ തരം വാഹനങ്ങളുടെ ഡ്രൈവർമാർക്ക് വകുപ്പ് നൽകുന്ന പരിശീലന പരിപാടികളിലും ഇത്തരം വിവരങ്ങൾ പകർന്നു നൽകാറുണ്ട്. |
| (ബി) | ഈ ബോധവൽക്കരണ പദ്ധതിയിൽ പോലീസ് വകുപ്പിനെയും ഉൾപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; | (ബി) | ഇത്തരം ബോധവൽക്കരണ പരിപാടികൾ പോലീസും നടത്തി വരുന്നുണ്ട്. |
| (സി) | ബോധവൽക്കരണ ക്ലാസ്സിൽ എല്ലാ ഡ്രൈവർമാരും വണ്ടിയിലെ മറ്റ് ജീവനക്കാരും നിർബന്ധമായി പങ്കെടുക്കാൻ നടപടി സ്വീകരിക്കുമോ; ഇതിൽ പങ്കെടുക്കുന്നവർക്കുമാത്രമേ ഡ്രൈവിംഗ് ലൈസൻസ് മുതലായവ പുതുക്കി കൊടുക്കു എന്നുള്ള നിയമം പാസ്സാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ഡ്രൈവിംഗ് ലൈസൻസ് പുതുക്കി നൽകുന്നതിനു മുൻപ് ഇത്തരം പരിശീലന പരിപാടികൾ നിർബന്ധമാക്കണമെങ്കിൽ കേന്ദ്ര സർക്കാർ തലത്തിൽ നിയമഭേദഗതികൾ ആവശ്യമായേക്കാം. നിലവിൽ പുതിയ ലൈസൻസ് എടുക്കുന്നവർക്കാണ് ഇത്തരത്തിലുള്ള ബോധവൽക്കരണ ക്ലാസ്സുകൾ നൽകി വരുന്നത്. ഇതിലൂടെ ഡ്രൈവർമാരുടെ പെരുമാറ്റരീതിയിൽ കാര്യമായ മാറ്റം വരുത്താൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ